മുറിക്കുന്നതിനെത്തുടർന്ന് ഗവൺമെൻറിന് ഭീമമായ നഷ്ടമുണ്ടാകുന്നു ഉരുംപ്പൊട്ടലുകളും മണ്ണൊലിപ്പുമുണ്ടാകുന്നതിനെത്തുടർന്ന് പാരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നതുകൊണ്ട് അവിടങ്ങളിലെ മരം മുറിക്കുന്നത് നിയന്ത്രിച്ചിട്ടുണ്ട്. യാതൊരു കാരണവശാലും കർഷകരെ ഒഴിപ്പിക്കുന്ന ഒരു പദ്ധതി ഇപ്പോൾ ഗവൺമെൻറിൻെറ മുമ്പിലില്ല.

(4) കളമശ്ശേരി ടി. സി. എം. കമ്പനിയിലെ തൊഴിൽ പ്രശ്നം

ശ്രീ. ബെന്നി ബഹനാൻ : സർ, കളമശ്ശേരി ടി. സി. എം. കമ്പനി കഴിഞ്ഞ 60 ദിവസത്തിലധികമായി പൂട്ടിക്കിടക്കുകയാണ്. 600-ലധികം വരുന്ന തൊഴിലാളികൾ ഇന്ന് പട്ടിണിയിലാണ്. ഈ കമ്പനിയിലെ തൊഴിലാളികളും മാനേജുമെൻറുമായി ഏകദേശം ഇരുപതോളം കോൺഫറൻസുകൾ കഴിഞ്ഞിരിക്കുകയാണ്. അദ്ധ്വാനഭാരം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തൊഴിലാളികൾ തത്വത്തിൽ അംഗീകരിച്ചിട്ടുപോലും മാനേജുമെൻറിൻെറ പിടിവാശിമൂലം ഇന്നും ആ കമ്പനി തുറക്കാൻ സാധിച്ചിട്ടില്ല. 600-ലധികം തൊഴിലാളികൾ പട്ടിണികിടക്കുന്ന ഈ അവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി അടിയന്തിരമായി ടി. സി. എം. കമ്പനിയിലെ തൊഴിൽത്തർക്കം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർക്കറിയാവുന്നതുപോലെ ഇരുപതോളം കോൺഫറൻസുകൾ വച്ചിട്ടുണ്ട്. കമ്പനിയിലെ പ്രൊഡക്ഷൻ കുറഞ്ഞതുമൂലം 25 ലക്ഷം രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത് അതാണ് സ്ഥിതി. അതുകൊണ്ട് അദ്ധ്വാനഭാരം വർദ്ധിപ്പിക്കണമെന്നു പറഞ്ഞു. ഒരു യൂണിയൻ മാത്രം അത് സമ്മതിച്ചില്ലെന്നുള്ള ഒറ്റക്കാരണംകൊണ്ട് നീണ്ടുപോയതാണ്. അടുത്ത ദിവസവും കോൺഫറൻസ് വച്ചിട്ടുണ്ട്. അത് തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(5) മിച്ചഭൂമി വിതരണത്തിലെ അഴിമതിയും ക്രമക്കേടും

ശ്രീ. എം. ജിനദേവൻ : സർ, ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഈയടുത്തകാലത്തു നടന്ന മിച്ചഭൂമി വിതരണത്തിൽ വ്യാപകമായ അഴിമതിയും ക്രമക്കേടും നടന്നതായി ആക്ഷേപമുണ്ട്. മാർച്ച് 7-ാം തീയതിയിലെ മലയാള മനോരമ പത്രത്തിൽ "ഹൈറേഞ്ചിൽ അഴിമതിയുടെ കരിംഭൂതം" എന്ന തലക്കെട്ടിൽ ഒരു ഫീച്ചർ തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവിടെ ആർ. ബി. ടി. കമ്പനി, സാഗൺ ആഗ്രോ ഇൻഡസ്ട്രീസ്, ഹാപ്പിവാലി ഡിവിഷൻ എസ്റ്റേറ്റ് തുടങ്ങിയ വൻകിട തോട്ടങ്ങളുടെ കൈവശമിരുന്ന മിച്ചഭൂമി ഈയടുത്ത കാലത്ത് ഗവൺമെൻറ് ഏറെറടുക്കുകയുണ്ടായി. ആർ. ബി. ടി. കമ്പനിയുടെ കൈവശമിരുന്ന 1444 ഏക്കർ മിച്ചഭൂമിയാണ് 1976 സെപ്തംബറിൽ ഏറെറടുക്കാൻ ഉത്തരവായത്. ഹൈക്കോടതിയിൽ അപ്പീൽ ഉണ്ടായിരുന്നു. ആ അപ്പീൽ തള്ളിയതിനെത്തുടർന്നാണ് ഈ കഴിഞ്ഞ സെപ്തംബർ മാസത്തിൽ പ്രസ്തുത ഭൂമി ഏറെറടുത്തത്. ഈ ഭൂമിയുടെ വിതരണത്തിൽ വ്യാപകമായ അഴിമതിയും ക്രമക്കേടും ഉണ്ടായിട്ടുണ്ട്. ജനിക്കാത്തവർക്കും ജീവിച്ചിരിക്കാത്തവർക്കും ഈ ഭൂമി കിട്ടിയിട്ടുണ്ടെന്ന ആക്ഷേപമുണ്ട്. അതുപോലെതന്നെ അർഹരായ അനേകമാളുകളെ മാററി നിറുത്തിക്കൊണ്ടു അനർഹരായ പലർക്കും ഭൂമി കൊടുത്തിട്ടുണ്ടെന്നാണ് പറയുന്നത്. മിച്ചഭൂമി വിതരണത്തിൽ അവശ്യം പാലിച്ചിരിക്കേണ്ട—ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും മുൻഗണന നൽകണമെന്ന വ്യവസ്ഥ—ആ തത്വം പോലും

LIBRARY ARCHIVES Kerala Legislative Assembly